**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2232** **13-09-2023 - ൽ മറുപടിയ്ക്ക്**

**പിങ്ക് പോലീസ് സേനയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് രൂപീകരിച്ച പിങ്ക് പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പിങ്ക് പോലിസ് വിഭാഗത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം, തസ്തിക, വാഹനം മറ്റ് സജ്ജീകരണങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സ്ത്രീ സുരക്ഷ മുൻനിർത്തി ഓരോ ജില്ലയിലും പിങ്ക് പോലീസ് പട്രോൾ സംവിധാനം മുഖേന സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ എന്നിവരുടെ പ്രശ്നങ്ങളിൽ അതിവേഗം ഇടപെട്ട് പരിഹാരം കണ്ടെത്തുവാനും ആവശ്യമെങ്കിൽ നിയമപരമായ സഹായം ലഭ്യമാക്കുവാനും കഴിയുന്നുണ്ട്. കൂടാതെ ബസ്/ റെയിൽവെ സ്റ്റേഷൻ പരിസരങ്ങൾ, സ്കൂൾ, കോളേജ് തുടങ്ങിയ സ്ത്രീകളും കുട്ടികളും ഒത്തുചേരുന്ന പൊതു സ്ഥലങ്ങളിൽ പട്രോളിംഗ് നടത്തി പൂവാല ശല്യം തടയുക, ലഹരി ഉപയോഗത്തിൽ നിന്നും സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ പിങ്ക് പോലീസ് പട്രോൾ മുഖേന നടത്തി വരുന്നു. പിങ്ക് പോലീസ് പട്രോളിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി പിങ്ക് കൺട്രോൾ റൂമുകൾ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു.<br><br>ഓരോ ജില്ലയിലും വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നും പിങ്ക് പോലീസ് പട്രോളിംഗിന് വനിതാ പോലീസ് ഉദ്യോഗസ്ഥരെ ആവശ്യാനുസരണം നിയോഗിച്ചു വരുന്നു. ഇതിനായി പ്രത്യേക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള Standard Operational Procedure (SOP) പ്രകാരം പിങ്ക് പോലീസ് പട്രോളിംഗിനായി ഒരു വാഹനത്തിൽ ഒരു വനിതാ പോലീസ് ഓഫീസറും ഡ്രൈവർ ഉൾപ്പെടെ 3 വനിതാ സീനിയർ/സിവിൽ പോലീസ് ഓഫീസർമാരെയാണ് വിന്യസിച്ചിട്ടുള്ളത്.<br><br>പിങ്ക് പോലീസിനായി അനുവദിച്ചിട്ടുള്ള ആധുനിക സംവിധാനങ്ങളോട്ടുകൂടിയ വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം സിറ്റി - 4<br><br>തിരുവനന്തപുരം റൂറൽ - 3 |

| | | | |
|---|---|---|---|
| | | | കൊല്ലം സിറ്റി - 2<br><br>കൊല്ലം റൂറൽ - 2<br><br>പത്തനംതിട്ട - 3<br><br>ആലപ്പുഴ - 4<br><br>കോട്ടയം - 3<br><br>ഇടുക്കി - 1<br><br>എറണാകുളം സിറ്റി - 4<br><br>എറണാകുളം റൂറൽ - 4<br><br>തൃശ്ശൂർ സിറ്റി - 3<br><br>തൃശ്ശൂർ റൂറൽ - 2<br><br>പാലക്കാട് - 3<br><br>മലപ്പുറം - 3<br><br>കോഴിക്കോട് സിറ്റി - 3<br><br>കോഴിക്കോട് റൂറൽ - 2<br><br>വയനാട് - 1<br><br>കണ്ണൂർ സിറ്റി - 2<br><br>കണ്ണൂർ റൂറൽ - 1<br><br>കാസർഗോഡ് -3<br><br>**ആകെ - 53** |
| (ബി) | പിങ്ക് പോലീസ് വിഭാഗം രൂപീകരിച്ചതിന് ശേഷം സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത വിഭാഗം മുഖേന രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | പിങ്ക് പോലീസ് വിഭാഗം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നില്ല. എന്നാൽ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് പിങ്ക് പോലീസ് ഇടപെട്ട് റിപ്പോർട്ട് ചെയ്ത 367 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം സിറ്റി - 130<br><br>കൊല്ലം സിറ്റി - 1<br><br>കൊല്ലം റൂറൽ - 16<br><br>പത്തനംതിട്ട - 3<br><br>ആലപ്പുഴ -5<br><br>എറണാകുളം സിറ്റി - 52 |

| | | | |
|---|---|---|---|
| | | | എറണാകുളം റൂറൽ - 36<br><br>തൃശ്ശൂർ റൂറൽ - 8<br><br>കണ്ണൂർ സിറ്റി - 116<br><br>**ആകെ - 367** |
| (സി) | പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തന രീതി സംബന്ധിച്ച് സമീപകാലത്ത് മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സേനയുടെ പ്രവർത്തന രീതിയിൽ മാറ്റം കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | പിങ്ക് പോലീസിന്റെ പ്രവർത്തന രീതി സംബന്ധിച്ച് സമീപകാലത്തെ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മതിയായ വനിതാ പോലീസിന്റെ കുറവ് നിലനിൽക്കുന്ന സാഹചര്യത്തിൽ പിങ്ക് പോലീസ് സംവിധാനം നിർത്തലാക്കി അവരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്ന കാര്യം ആലോചിക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ